## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2002** **11.06.2018-ൽ മറുപടിക്ക്**

### അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം — മറുപടി

ശ്രീ. റ്റി.വി. രാജേഷ് — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്; | എ) | സംസ്ഥാനത്ത് 2703 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |
| ബി) | പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; | ബി) | ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനിവാര്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പാലിറ്റി ഒരു പ്രമേയം പാസാക്കുക എന്നതാണ് പുതിയ ഒരു അക്ഷയ കേന്ദ്രം തുടങ്ങുന്നതിനുള്ള ആദ്യ നടപടിക്രമം. പ്രസ്തുത പ്രമേയത്തിന്മേൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരത്തിന്റെയും അക്ഷയ ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് പ്രസ്തുത ലൊക്കേഷനിൽ സർക്കാർ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നത്. ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിച്ചുകഴിഞ്ഞാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംരംഭകനെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അർഹനായ സംരംഭകനെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| സി) | ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | സി) | അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംരംഭകർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയവ പാലിക്കുന്നുണ്ടോയെന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പ് വരുത്താറുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന പുതിയ സേവനങ്ങൾക്ക് അതാത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക പരിശീലനം സംരംഭകർക്ക് നൽകി വരുന്നതു വഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം കുറയ്ക്കാൻ കഴിയുന്നുണ്ട്. വിവിധ ആവശ്യങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ അക്ഷയ കേന്ദ്രങ്ങളുടെ ഭാഗത്തുനിന്നും കാലതാമസവും വീഴ്ചയും നേരിടുന്നതായുള്ള ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ആയത് അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന ഗുരുതരമായ പരാതികളിന്മേൽ പ്രസ്തുത സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ അക്ഷയ ഡയറക്ടർ മുഖേന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ